**ഭരണഭാഷ മാതൃഭാഷ '**

**<u>വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്</u>**

**(ഹാജർ : ഷാജിമോൻ ഡി)**

വിഷയം:- പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം-അന്തര് ജില്ലാ സ്ഥലമാറ്റം 2023-24 - അന്തിമ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/10/2023 തിയതിയിലെ എ1/11483/2022/ ഡി.ജി.ഇ നമ്പർ സർക്കുലർ

2)23-08-12ലെ സർക്കാർ ഉത്തരവ് (പി) 42/12/ഉ.ഭ.പ.വ

3)അധ്യാപകരുടെ ഓണ്ലൈന് മുഖേനയുള്ള അപേക്ഷകൾ

4)വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി പട്ടിക.

5)06/12/2023 തിയ്യതിയിലെ താൽക്കാലിക സ്ഥലമാറ്റ ഉത്തരവ്

**<u>ഉത്തരവ് നമ്പർ DDETSR/9875/2023-A1 തീയതി : 19/12/2023</u>**

തൃശ്ശൂർ റവന്യൂ ജില്ലയിലെ സർക്കാർ സ്കൂളുകളിലേക്കുള്ള അധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളില നിന്നും അപേക്ഷകരുടെ സീനിയോരിറ്റി പരിഗണിച്ച് താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിൽ ആക്ഷേപം ഉന്നയിച്ച് അപേക്ഷ ലഭ്യമായത് പരിഹരിച്ച് ആയതിനാൽ താഴെ ചേർത്തിരിക്കുന്ന അധ്യാപകനെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന സ്കൂളിലേക്ക് അന്തർജില്ലാസ്ഥലമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| SL.NO | NAME DESIGNATION &PARENT SCHOOL | TRANSFERRED SCHOOL |
|---|---|---|
| 1 | SREEJAYA P<br>HSA Mathematics<br>C.B.K.M Govt. H.S.S. Puduppariyaram, Palakkad. | GHSS Cheruthuruthy |

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന മുകളിൽ ചേർത്തിരിക്കുന്ന അധ്യാപകന്റെ സര്വ്വീസ് സീനിയോരിറ്റി തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി ജീവനക്കാരൻ / ജീവനക്കാരി ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തര് ജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരനെ/ജീവനക്കാരിയെ വിടുതല് ചെയ്യുന്നതിന് മുമ്പ് മേല് സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പ്രധാന അധ്യാപകന് മേലൊപ്പ് ചാർത്തി സേവന പുസ്തകത്തിൽ പതിക്കുകയും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകൻ സൂചന (2) പ്രകാരം തൃശ്ശൂർ ജില്ലയിൽ നിരീക്ഷണകാലാവധി പൂർത്തിയാക്കേണ്ടതാണ്. തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

സ്ഥലംമാറ്റം ലഭിച്ച അധ്യാപകൻ ഉത്തരവ് കൈപ്പറ്റി 02/01/2024 നകം വിടുതൽ ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതും, അധ്യാപകർ സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി ഉത്തരവ് യാതൊരു മുന്നറിയിപ്പും ഇല്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും. സ്ഥലം മാറ്റം ലഭിച്ച അധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന തിയ്യതി യഥാസമയം തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലേക്ക് ബന്ധപ്പെട്ട പ്രധാന അധ്യാപകൻ രേഖാമൂലം അറിയിക്കേണ്ടതാണ്. ടി വിഭാഗത്തിൽ സംരക്ഷിത അധ്യാപകര് / ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവർ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരെ മാതൃ സ്കൂളിലേക്ക് വിടുതൽ ചെയ്യേണ്ടതും ആ വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

OFFICE OF THE DEPUTY DIRECTOR OF EDUCATION THRISSUR-3

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ

സ്വീകർത്താവ് :

(1)ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ.

(2) കരുതൽ ഫയൽ